പതിമൂന്നാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 924. 30.06.2015 ന് മറുപടിയ്ക്ക്.

## നഴ്സിംഗ് നൈപുണ്യ വികസനകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി വിഷ്ണുനാഥ്:<br>ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നഴ്സിംഗ് നൈപുണ്യ വികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം; ഇതിന്റെ നോഡൽ ഏജൻസി ആരാണ്; വ്യക്തമാക്കുമോ ; | (ബി) സ്വകാര്യമേഖലയിലെ പരിചയ സമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് നഴസിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയവിനിമയത്തിനുള്ള കഴിവുകൾ , കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക , അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണം ചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം, ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമാ ബിരുദധാരികളോ ആയ പരിചയ സമ്പന്നരായ നഴ്സുമാർക്ക് തൊഴിൽ സാധ്യത ഉയർത്താനായി രൂപകൽപന ചെയ്തിട്ടുള്ളതാണ്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ആണ് ഇതിന്റെ നോഡൽ ഏജൻസി. |
| (സി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വ്യക്തമാക്കുമോ ? | (സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) ന്റെ ഓപ്പറേറ്ററായി നിശ്ചയിച്ചിരിക്കുന്നത് യുഎഇ ആസ്ഥാനമായുള്ള NMC Healthcare ന് കീഴിലുള്ള Trivandrum Specialists Hospital നെയാണ്. |

സെക്ഷൻ ഓഫീസർ